# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 10 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ്


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook Page: Sabarimalamediacentreiprdgok


---

### ആന്ധ്രാസ്വാമിമാർക്ക് ആശ്വാസമായി ആയുർവേദ ആശുപത്രി

ശബരിമല: സന്നിധാനത്തെ ആയുർവേദ ആശുപത്രിയിൽ ചികിത്സ തേടുന്ന അന്യഭാഷാ സ്വാമിമാരിൽ ഏറെയും ആന്ധ്രാപ്രദേശിൽ നിന്നുള്ള സ്വാമിമാർ!. മുൻ വർഷത്തെ അപേക്ഷിച്ച് ചികിത്സക്കെത്തുന്ന ആന്ധ്രാസ്വാമിമാരുടെ എണ്ണത്തിൽ അഭൂതപൂർവമായ വർധനയാണെന്ന് ചാർജ് മെഡിക്കൽ ഓഫീസർ ഡോ മനോജ് കുമാർ പറഞ്ഞു. നമ്മുടെ നാട്ടിലെ അയ്യപ്പൻമാരേക്കൾ ആന്ധ്രക്കാർ ആയുർവേദത്തെ മനസ്സിലാക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നു എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. വരുന്ന രോഗികളിൽ മൂന്നിൽ ഒന്നുപേരും അന്ധ്രക്കാരാണ്. ദിവസവും 700 മതുൽ 1000 രോഗികളാണ് ആയുർവേദ ചികിത്സ തേടുന്നത്. ഇതിൽ കുറഞ്ഞത് മുന്നൂറു പേരെങ്കിലും ആന്ധ്രക്കാരാണ്. ഇവരിൽ ഭൂരിപക്ഷവും മുൻവർഷങ്ങളിൽ സന്നിധാനത്ത് ചികിത്സതേടി സൗഖ്യം അനുഭവിച്ചവരാണ്. മലകയറി വരുമ്പോൾ ഉണ്ടാകുന്ന കാൽമുട്ട് വേദനക്കും നടുവേദക്കുമാണ് ആന്ധ്രാ അയ്യപ്പൻമാരുടെ പ്രധാനമായും ചികിത്സതേടുന്നത്. കടുത്ത പനിയുള്ളവർപോലും ആയുർവേദ മരുന്നുകൾ മതിയെന്ന് പറയുന്നത് തെല്ലൊരതിശയത്തോടെയാണ് ആശുപത്രി അധികൃതർ നോക്കിക്കാണുന്നത്. ആയുർവേദത്തിന് അത്രയേറെ പ്ര

ചാരമില്ലാത്ത നാട്ടിൽ നിന്നുമെത്തുന്ന സ്വാമിമാർ പരമ്പരാഗത ചികിത്സാ വിധിക്രമങ്ങളോട് കാണുന്ന സ്നേഹവായ്പ് മാതൃകാപരമാണെന്നും ഡോക്ടർ പറഞ്ഞു.

സ്വാമിമാർക്ക് മരുന്നാവിക്കുള്ള സൗകര്യവും ആശുപത്രിയിൽ സജ്ജീകരിച്ചിട്ടുണ്ട്.  നസ്യം, ഫിസിയോ തെറാപ്പിസ്റ്റിന്റെ സഹായത്തോടെയുള്ള മസാജിങ്, മർമചികിത്സ എന്നിവയും ആന്ധ്രാപ്രദേശിലെ സ്വാമിമാർക്ക് ഏറെ പ്രിയമാണ്. ഡോ. അജിത് കുമാർ, ഡോ. വിശ്വനാഥ്, ഡോ മണികണ്ഠൻ, ഡോ ദിലീപ് എന്നിവരും പാരാമെഡിക്കൽ സ്റ്റാഫുകളും ഉൾപ്പെടെ ആകെ പതിമൂന്ന് പേരാണ് സന്നിധാനത്തെ ആയുർവേദ ആശുപത്രിയിൽ ജോലിനോക്കുന്നത്. ഇതിനോടകം 22,000ൽ അധികം സ്വാമിമാർ ആയുർവേദ ആശുപത്രിയിൽ ചികിത്സതേടി.

## കെ എസ് ആർ ടി സി വഴിതെളിച്ചത് 10,86189 സ്വാമിമാരെ

ശബരിമല: മെച്ചപ്പെട്ട സർവീസൊരുക്കി കെ എസ് ആർ ടി സി ശബരിമലയിലേക്ക് 10,86189 സ്വാമിമാരെ വഴിതെളിച്ചു. 15 സെമി സ്ലീപ്പർ ബസുകൾ ഉൾപ്പെടെ 155 ബസുകളാണ് സീസണിൽ സർവീസ് നടത്തുന്നത്. പുതുതായി എട്ട് ജൻറം ബസുകൾ ഇന്നു മുതൽ പമ്പ നിലയ്ക്കൽ ചെയിൻ സർവീസ് ആരംഭിക്കും. മുൻ വർഷത്തേക്കാൾ വരുമാനത്തിലും വർധവുണ്ട്. 3.8 കോടി രൂപയാണ് ഇതിനോടകം കെ എസ് ആർ ടി സിക്ക് ലഭിച്ചത്.

കഴിഞ്ഞ വർഷത്തേക്കാൾ മുപ്പതിലധികം ബസുകൾ ഇപ്പോൾ പമ്പയിൽ നിന്നും സർവീസ് നടത്തുന്നുണ്ട്. രണ്ട് ശബരി സെമിസ്ലീപ്പർ ബസുകൾ ചെന്നൈയിലേക്കും മറ്റുള്ള 13 ബസുകൾ ചെങ്ങന്നൂർ, കോട്ടയം, ഏറണാകുളം എന്നിവിടങ്ങളിലേക്കും സർവീസ് നടത്തുന്നു. മലചവിട്ടി തിരിച്ചു പോകുന്നവരാണ് പ്രധാനമായും സെമി സ്ലീപ്പർ ബസുകളെ ആശ്രയിക്കുന്നത്. ചെന്നൈക്ക് 821 രൂപയാണ് സെമി സ്ലീപ്പറിലെ നിരക്ക്, ചെങ്ങന്നൂർ161 രൂപ, കോട്ടയം 161 രൂപ, ഏറണാകുളം 251 രൂപ എന്നിങ്ങനെയാണ് നിരക്ക്. തിരക്ക് കൂടുന്നതോടെ ഡീലക്സ് ബസുകളും കൂടുതൽ സ്പെഷ്യൽ സർവീസുകളും ആരംഭിക്കുമെന്ന് അധികൃതർ അറിയിച്ചു.

## അന്നമൂട്ടിയവർക്ക് ഹൃദയപൂർവം: പൊലീസ് മെസ്സിലെ കുറിപ്പുകൾ ശ്രദ്ധേയമാവുന്നു

ശബരിമല: 'വയറു നിറക്കാൻ ആർക്കും കഴിയും, എന്നാൽ കഴിക്കുന്നവരുടെ മനസ്സുകൂടി നിറക്കാൻ നിങ്ങൾക്കായി'' പൊലീസ് മെസ്സിലെ മതിലുകളിൽ എഴുതിയ അനേകം കുറിപ്പുകളുടെ സാരാംശം ഇതായിരുന്നു.  ബുദ്ധിമുട്ടുകൾക്കിടയിലും രുചികരമായ അന്നം തന്ന

വർക്ക് ഹൃദയപൂർവം എഴുതിയ കുറിപ്പുകൾ. ഉറ്റവരെയും ഉടയവരെയും കാണാനാവാതെ ശബരിമല ഡ്യൂട്ടിക്കെത്തിയ പൊലീസ് അയ്യപ്പൻമാരാണ് വാക്കുൾകൊണ്ട് തങ്ങളുടെ അംഗീകാരം മതിലുകളിൽ ആലേഖനം ചെയ്തത്. പ്രതിദിനം രണ്ടായിരം പേർക്കാണ് മെസ്സിൽ മൂന്നുനേരം ഭക്ഷണമൊരുക്കുന്നത്. പരാധീനതകൾക്കിടയിലും പരിഭവങ്ങളില്ലാതെ പോലീസ് അയ്യപ്പന്മാർക്ക് ഇഡ്ലി, ദോശ, പുട്ട്, ഉപ്പുമാവ്, ഊണ്, ആറുകൂട്ടം കറികൾ, പഴവർഗ്ഗങ്ങൾ, പായസം, ഹൽവ, ആഴ്ചയിൽ ഒരിക്കൽ വെജ് ബിരിയാണി, ചപ്പാത്തി, ബെഡ് കോഫി, ഈവനിംഗ് ടീ എന്നിവ നൽകുന്നു, എല്ലാം വയർ നിറയെ. ഏറെ ബുദ്ധിമുട്ടികൾ സഹിച്ചാണ് തങ്ങളുടെ സഹപ്രവർത്തകർ ഭക്ഷണമൊരുക്കുന്നത് എന്നറിയാവുന്നതുകൊണ്ടുകൂടിയാണ് ഈ കുറിപ്പുകൾ തയ്യാറാക്കിയത്.ഡിവൈഎസ്പി മാത്യുതോമസാണ് മെസിന് ചുക്കാൻ പിടിക്കുന്നത്. സിഐ ജയകുമാറിന്റെ നേതൃത്വത്തിൽ എസ്ഐമാരായ മാത്യു, രാജ്കുമാർ, തോമസ് എന്നിവരും ഹെഡ്കോൺസ്റ്റബിൾ അനിൽകുമാറും സംഘവുമാണ് മെസ്സിന്റെ അമരക്കാർ. സംസ്ഥാന പോലീസിനൊപ്പം എൻഡിആർഎഫ്, ആർഎഎഫ് ഉൾപ്പെടെയുള്ള കേന്ദ്ര സേനകൾക്കും ഭക്ഷണം നൽകുന്ന മെസിൽ 75-ഓളം പോലീസ് കുക്കുകളാണ് ജോലിനോക്കുന്നത്. കാസർഗോഡുനിന്നും തിരുവനന്തപുരം വരെയുള്ള യൂണിറ്റുകളിൽനിന്ന് ജോലിക്കെത്തിയ ഇവർ പകലന്തിയോളം പണിയെടുത്താണ് പാകം ചെയ്യുന്നത്. ആറു ഘട്ടങ്ങളായി ക്രമീകരിച്ചിട്ടുള്ള മെസ് ജോലിയിൽ പത്തുദിവസത്തിൽ ഒരിക്കൽ ഇവർ മാറിക്കൊണ്ടിരിക്കും.

## 28000 രൂപ പിഴ ഈടാക്കി

ശബരിമല: കഴിഞ്ഞ ആറ് ദിവസത്തിനിടെ വിവിധ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കടയുടമകളിൽനിന്ന് നിലയ്ക്കൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് ചന്ദ്രശേഖരക്കുറുപ്പിന്റെ നേതൃത്വത്തിലുള്ള സ്ക്വാഡ് 28000 രൂപ പിഴ ഈടാക്കി. വില കൂടുതൽ ഈടാക്കൽ, അളവിലും തൂക്കത്തിലും കുറവ്, യഥാസമയം മുദ്രപതിക്കാത്ത ത്രാസ് എന്നിവ സംബന്ധിച്ചാണ് നടപടി എടുത്തത്. റെയ്ഡിൽ ഡപ്യൂട്ടി തഹസീൽദാർ പി.ആർ പ്രസന്നകുമാർ, ലീഗൽ മെട്രോളജി ഉദ്യോഗസ്ഥരായ ഷിന്റോ ഏബ്രഹാം, പ്രശാന്ത് കുമാർ, റേഷനിംഗ് ഇൻസ്പെക്ടർ എ. ഷാജു, ഹെൽത്ത് ഇൻസ്പെക്ടർ എസ് സന്ദീപ്, റവന്യൂ ജീവനക്കാരായ സന്തോഷ് വി നായർ, ടി.കെ രാജീവ് എന്നിവർ പങ്കെടുത്തു.

## ശബരിമലയിൽ സീസണിലെ ഏറ്റവും വലിയ തിരക്ക്: കൂടുതൽ പോലീസിനെ നിയോഗിച്ചു

ശബരിമല: സീസണിലെ ഏറ്റവും വലിയ തിരക്ക് കണക്കിലെടുത്ത് പമ്പയിലും സന്നിധാനത്തും കൂടുതൽ പോലീസിനെ നിയോഗിച്ചു. തിരക്ക്കൂടുതൽ കാരണം ഇന്നലെ പമ്പയിൽ അയ്യപ്പന്മാരെ തടഞ്ഞു. നിലയ്ക്കലിൽ വാഹനങ്ങൾ തടഞ്ഞിട്ടു. തിരക്ക് കണക്കിലെടുത്ത് കേന്ദ്രസേന പ്രത്യേകം ജാഗ്രത പാലിച്ചിട്ടുണ്ട്. ബോംബ് സ്ക്വാഡ് സന്നിധാനത്തും പരിസര പ്രദേശങ്ങളിലും പരിശോധന ശക്തമാക്കി.

## ഹൃദയാഘാതം: കാസർകോട് സ്വദേശിയായ തീർഥാടകൻ മരിച്ചു

ശബരിമല: ശബരിമല കയറുന്നതിനിടെ അപ്പാച്ചിമേട്ടിൽ ഹൃദയാഘാതം മൂലം തീർഥാടകൻ മരിച്ചു. കാസർകോട് സ്വദേശി രാജാറാം ഹെഗ്ഡേ (45)യാണ് മരിച്ചത്. രാവിലെ ഏഴ് മണിയോടെ ഹൃദയാഘാതത്തെത്തുടർന്ന് അപ്പാച്ചിമേട്ടിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും മരണപ്പെട്ടു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.